ഭരണഭാഷ മാതൃഭാഷ

# താലൂക്ക് ആശുപത്രി, പള്ളുരുത്തി

എറണാകുളം, ,പിൻ : 682006

ഫോൺ : 0484 2235780

ഇ - മെയിൽ:ghpalluruthy@gmail.com

നമ്പർ : ജി - 1613/23

തീയതി : 12.02.2024

## ടെണ്ടർ നോട്ടീസ്

പള്ളുരുത്തി താലൂക്ക് ആശുപത്രിയിലെ സുരക്ഷാ സംവിധാനത്തിന്റെ ഭാഗമായി 01.04.2024 മുതൽ 31.03.2025 വരെയുള്ള കാലയളവിലേക്ക് മെയിൻ ഗേറ്റിലെ കാവൽ ജോലിയും (രാത്രിയും, പകലും), കൂടാതെ ആശുപത്രി സുരക്ഷാ ജോലികളും ചെയ്യുവാൻ, ഒരു ദിവസത്തെ ഡ്യൂട്ടിക്ക് (12 മണിക്കൂർ വീതം) 2 സുരക്ഷാ ജീവനക്കാരെ നിയോഗിക്കുവാൻ താല്പര്യമുള്ള സെക്യൂരിറ്റി ഏജൻസികളിൽ നിന്നും / സ്ഥാപനങ്ങളിൽ നിന്നും, താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി മുദ്രവെച്ച ടെണ്ടറുകൾ ക്ഷണിച്ചുകൊള്ളുന്നു.

ടെണ്ടർ ഫോമിനോടൊപ്പം നിരതദ്രവ്യമായി, രൂപ 4000/- (നാലായിരം രൂപ മാത്രം) ഡി.ഡി. ആയി (ആശുപത്രി സൂപ്രണ്ടിന്റെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, പള്ളുരുത്തി ശാഖയിൽ മാറാവുന്നത് ) സമർപ്പിക്കേണ്ടതാണ്.

ടെണ്ടർ ഫോം വിതരണം ചെയ്യുന്ന അവസാന തീയതി 01.03.2024 -ന് വൈകിട്ട് 3:00 മണി വരെ.

ടെണ്ടർ ഫോം സ്വീകരിയ്ക്കുന്ന അവസാന തീയതി 02.03.2024 ഉച്ചയ്ക്ക് 12:00 മണി. ടെണ്ടറുകൾ തുറക്കുന്ന തീയതി 02/03/2024 ഉച്ചയ്ക്ക് 2:00 മണി.

ഏറ്റവും കുറഞ്ഞ നിരക്ക് തുക രേഖപ്പെടുത്തിയിട്ടുള്ള ടെണ്ടർ താല്കാലികമായി അംഗീകരിക്കുന്നതും, ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെ അംഗീകാരം ലഭിക്കുന്ന മുറയക്ക് സ്ഥിരപ്പെടുത്തുന്നതുമാണ്.

### ടെണ്ടർ ഫോമിന്റെ വില

ഒറിജിനൽ - 700 + ജി.എസ്.ടി. (18%)

ഡ്യൂപ്ളിക്കേറ്റ് - 350 + ജി.എസ്.ടി. (18%)

### നിബന്ധനകൾ

1. ടെണ്ടറിൽ പങ്കെടുക്കുന്നവർ പ്രൈവറ്റ് സെക്യൂരിറ്റി ഏജൻസീസ് റെഗുലേഷൻ ആക്ട് 2005 പ്രകാരം രജിസ്റ്റർ ചെയ്തവരോ, അല്ലെങ്കിൽ വിമുക്ത ഭടൻമാരെ സെക്യൂരിറ്റി ഗാർഡായോ നൽകാൻ സാധിക്കുന്നവരായിരിയ്ക്കണം. ടെണ്ടറിൽ പങ്കെടുക്കുന്നവർക്ക് കേരള ഷോപ്പ് / വാണിജ്യ സ്ഥാപന ആക്ട് 1960 പ്രകാരമുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കേണ്ടതാണ്.
2. ടെണ്ടറിൽ ആകെ പ്രതിമാസനിരക്ക് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. ടെണ്ടർ ഉറപ്പിക്കുന്നത് ആശുപത്രി വികസന സമിതിയുടെ തീരുമാനത്തിന് വിധേയമായിട്ടായിരിക്കും.

3. സെക്യൂരിറ്റി ജോലിയ്ക്ക് നിയോഗിക്കപ്പെടുന്നവർ ആരോഗ്യമുളളവരായിരിക്കണം. ഇവർ 50 വയസ്സിനുമുകളിൽ പ്രായമുളളവരോ, അംഗപരിമിതരോ ആകരുത്.
4. സെക്യൂരിറ്റി ഗാർഡിന്റെ യൂണിഫോം ടെണ്ടർ കൈകൊളളുന്ന സ്ഥാപനം സ്വന്തം ചെലവിൽ നൽകേണ്ടതാണ്. ഡ്യൂട്ടിയിലുളള സ്റ്റാഫ് എപ്പോഴും യൂണിഫോമിൽ ആയിരിക്കണം.
5. ടെണ്ടർ ഉറപ്പിക്കുന്ന വ്യക്തിയോ, സ്ഥാപനമോ 200/- രൂപ മുദ്രപത്രത്തിൽ സൂപ്രണ്ടിന് ഒരു കരാർ എഴുതി നല്കേണ്ടതും ആകെ വാർഷിക് കരാർ തുകയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റ് നൽകേണ്ടതുമാണ്. ടെണ്ടർ ലഭിക്കുന്ന സ്ഥാപനത്തിന്റെ ഇ.എം.ഡി. കഴിഞ്ഞിട്ടുളള തുക സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ നൽകിയാൽ മതിയാകുന്നതാണ്.
6. സെക്യൂരിറ്റി ഡ്യൂട്ടിക്ക് നിയോഗിക്കപ്പെട്ടവർ ഈ സ്ഥാപനത്തിന്റെ പൊതുവായ സുരക്ഷിതത്വം ഉറപ്പാക്കേണ്ടതാണ്. ആശുപത്രി വാർഡുകൾ, കാഷ്വാൽറ്റി, ഒ.പി. വിഭാഗം എന്നിവിടങ്ങളിൽ ആവശ്യമുണ്ടാകുന്ന പക്ഷം സേവനം ലഭ്യമാക്കേണ്ടതാണ്.
7. ആശുപത്രിയിലെ കിടപ്പ് രോഗികളുടെ കൂടെയുളളവർക്ക് നല്കിയിട്ടുളള നിശ്ചിത സ്റ്റേ-പാസ് മുഖാന്തിരം കൂട്ടിരിപ്പുകാരെ കടത്തി വിടേണ്ടതാണ്. ടെണ്ടർ ലഭിക്കുന്ന സ്ഥാപനം കുറഞ്ഞത് 45 ദിവസം ക്രെഡിറ്റ് കാലാവധി നൽകേണ്ടതാണ്.
8. സെക്യൂരിറ്റി ജോലിയ്ക്കു നിയോഗിക്കപ്പെടുന്നവരുടെ വിശദവിവരങ്ങൾ ഐ.ഡി. പ്രൂഫിന്റെ പകർപ്പു സഹിതം ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.
9. ടെണ്ടർ സംബന്ധിച്ചുളള കൂടുതൽ വിവരങ്ങൾ ഓഫീസ് പ്രവൃത്തി സമയങ്ങളിൽ ലഭിക്കുന്നതാണ്. ഏതു ടെണ്ടറും, സ്വീകരിക്കുന്നതിനും കാരണം കാണിക്കാതെ നിരസിക്കുന്നതിനുമുളള അധികാരം സൂപ്രണ്ടിൽ നിക്ഷിപ്തമായിരിക്കും.
10. സ്വീകരിക്കാതെ വരുന്ന ടെണ്ടറിനോടൊപ്പമുളള നിരതദ്രവ്യം തുക തിരികെ നൽകുന്നതാണ്.
11. ടെണ്ടർ ലഭിക്കുന്ന സ്ഥാപനം ജി.എസ്.ടി. ബിൽ സമർപ്പിക്കേണ്ടതാണ്.

സൂപ്രണ്ട്

നോട്ടീസ് ബോർഡ്

പകർപ്പ്:

1. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), എറണാകുളം
2. സെക്രട്ടറി, കൊച്ചിൻ കോർപ്പറേഷൻ, എറണാകുളം
3. സൂപ്രണ്ട്, ജനറൽ ആശുപത്രി, എറണാകുളം
4. സൂപ്രണ്ട്, താലൂക്ക് ആസ്ഥാന ആശുപത്രി, ഫോർട്ട്കൊച്ചി
5. സൂപ്രണ്ട്, സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി, മട്ടാഞ്ചേരി
6. ഫയൽ/കരുതൽ ഫയൽ